**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2430** **12-10-2021 - ൽ മറുപടിയ്ക്ക്**

**മുദ്രപത്രത്തിന് പകരമായി ഇ-സ്റ്റാമ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുദ്രപത്രത്തിന് പകരമായി സംസ്ഥാനത്ത് ഇ-സ്റ്റാമ്പ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്. 07.04.2017 തീയതിയിലെ 690-ാം നമ്പർ ഗസറ്റിൽ S.R.O.No.182/2017 നമ്പരായി പ്രസിദ്ധീകരിച്ച 07/04/2017 തീയതിയിലെ G.O(P) No.23/2017/TD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, 1960 ലെ കേരള മുദ്രപത്ര ചട്ടങ്ങളിൽ 16(എ) എന്ന പുതിയ ചട്ടങ്ങൾ കൂട്ടിച്ചേർത്തു കൊണ്ടാണ് സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കിയത്. പ്രസ്തുത ഭേദഗതി ഉത്തരവ് പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം ഏർപ്പെടുത്തിയും ഒരു ലക്ഷം രൂപയ്ക്ക് താഴെ മുദ്രവില വരുന്ന ഇടപാടുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതാണ് എന്നും ഉത്തരവായിരുന്നു. 29.01.2021 തീയതിയിലെ G.O(Rt) No.66/2021/Taxes നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്റ്റർ ചെയ്യുന്നതും രജിസ്റ്റർ ചെയ്യാത്തതുമായ എല്ലാ വിലയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്കും 01.02.2021 തീയതി മുതൽ ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. എന്നാൽ 29.01.2021 തീയതിയിലെ ഉത്തരവിലൂടെ നടപ്പിലാക്കിയ സൗകര്യം ഇനി ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ നടപ്പിലാക്കേണ്ടതില്ലെന്ന് 13.02.2021 തീയതിയിലെ G.O(Rt) No.120/2021/Taxes പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ, നിലവിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ആവശ്യമായി വരുന്ന ആധാരങ്ങളുടെ രജിസ്ട്രേഷനു മാത്രമാണ് ഇ-സ്റ്റാമ്പ് സൗകര്യം നിലവിലുള്ളത്. |
| (ബി) | മഞ്ചേശ്വരം താലൂക്ക് ആസ്ഥാനം സ്ഥിതി ചെയ്യുന്ന ഉപ്പളയിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്ന പശ്ചാത്തലത്തിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ